**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2858** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി ഫണ്ട് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ഫണ്ട് തട്ടിപ്പിന്റെ അന്വേഷണ പുരോഗതി അറിയിക്കാമോ; | (എ) | തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നൽകി വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും ടി ആളുകളുടെ മറുപടി ലഭ്യമായതിനെ തുടർന്ന് വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി ടി ആരോപണങ്ങളിൽ വകുപ്പ് ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പട്ടികജാതി ഫണ്ട് തട്ടിപ്പ് അന്വേഷണം വിജിലൻസിനെ ഏൽപ്പിച്ചിട്ടുണ്ടോ; ഈ കേസ് പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ് |
| (സി) | ഈ കേസിന്റെ ഗൂഢാലോചന അന്വേഷണ പരിധിയിൽ വരുന്നുണ്ടോ; എത്ര പേരെയാണ് കേസിൽ പ്രതി ചേർത്തിരിക്കുന്നത് എന്ന് വിശദമാക്കാമോ; | (സി) | വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ് |
| (ഡി) | ഈ ഫണ്ട് ആരുടെയൊക്കെ അക്കൗണ്ടുകളിലേക്കാണ് പോയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (ഡി) | തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട വകുപ്പുതല ഓഡിറ്റ് പരിശോധനയിൽ, ഒരേ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിരവധി തവണ തുക മാറി നൽകിയതായും, ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ പരിഗണിക്കാതെ മറ്റ് അക്കൗണ്ട് നമ്പറുകളിലേക്ക് ആനുകൂല്യ തുക മാറി നൽകിയതായും |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിൽ 51 അക്കൗണ്ടുകളിലേയ്ക്കായി 1,16,87,500/- (ഒരു കോടി പതിനാറ് ലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ) രൂപ ക്രഡിറ്റ് ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ